19443
2/12/16

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - കൊല്ലം എഴുകോൺ കടലായ് മഠം ക്ഷേത്രത്തിന്റെ കൊടിമര നിർമ്മാണത്തിനാവശ്യമായ തേക്ക് മരം അനുവദിച്ച് ഉത്തരവാകുന്നു.

## വനം വന്യജീവി (ബി) വകുപ്പ്

**G.O.(Rt)No. 450/2016/F&WLD** തീയതി, തിരുവനന്തപുരം, 23/11/2016

പരാമർശം

1. 03.02.2007-ലെ സ.ഉ.(എം.എസ്) 38/07/വനം.
2. കടലായ് മഠം ദേവി ക്ഷേത്രം സെക്രട്ടറിയുടെ 19/8/2016, 6/9/2016 തീയതികളിലെ അപേക്ഷ
3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്(ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) - ന്റെ 30.10.2016-ലെ പ്രൊ(5)-46626/16 നമ്പർ കത്ത്.

ഉത്തരവ്

കൊല്ലം എഴുകോൺ കടലായ് മഠം ക്ഷേത്രത്തിന്റെ കൊടിമര നിർമ്മാണത്തിനാവശ്യമായ തേക്ക് മരം കോന്നി ഡിവിഷനിൽ നിന്നും അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം കടലായ് മഠം ദേവി ക്ഷേത്രം സെക്രട്ടറി അപേക്ഷിച്ചിരുന്നു. കൊടിമരത്തിന് അനുയോജ്യമായ തേക്ക് മരം കോന്നി ഡിവിഷന്റെ കീഴിലുള്ള സൗത്ത് കുമരംപേരൂർ ഫോറസ്റ്റ് സ്റ്റേഷനിൽപ്പെട്ട 1954 നെല്ലിടപ്പാറ തേക്ക് പ്ലാന്റേഷനിൽ 1769-ാം നമ്പരായി മാർക്ക് ചെയ്ത തേക്ക് മരം ക്ഷേത്രാധികാരികൾ കണ്ടെത്തിരുന്നതായും കോന്നി ഡിവിഷന്റെ 2015-16 മുതൽ 2024-25 വരെയുള്ള അംഗീകരിച്ച വർക്കിംഗ് പ്ലാൻ പ്രകാരം 1954 നെല്ലിടപ്പാറ തേക്ക് പ്ലാന്റേഷൻ 2014-15 ൽ അടക്കിമുറിക്ക് പ്രായമാകുമെങ്കിലും വർക്കിംഗ് പ്ലാൻ പ്രകാരം ഈ തോട്ടം അടക്കി മുറിക്കേണ്ടത് 2017-18 സാമ്പത്തിക വർഷത്തിലാണെന്നും എന്നിരുന്നാലും കടലായ് മഠം ക്ഷേത്രത്തിന്റെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച്ക്ഷേത്രത്തിന്റെ കൊടിമരത്തിന് അനുയോജ്യമായ തേക്ക് മരം 1954 നെല്ലിടപ്പാറ തേക്ക് തോട്ടത്തിൽ നിന്നും പരാമർശം (1)-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി തേക്കുമരം അനുവദിച്ചു നൽകാവുന്നതാണെന്ന് പരാമർശം (3 ) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്(ഫോറസ്റ്റ്, ലാന്റ് &

റിസോഴ്സസ്)-ന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് കടലായ് മഠം ക്ഷേത്ര ഭാരവാഹികൾ തെരഞ്ഞെടുത്ത കോന്നി ഡിവിഷന്റെ കീഴിലുള്ള സൗത്ത് കുമരംപേരൂർ ഫോറസ്റ്റ് സ്റ്റേഷനിൽപ്പെട്ട 1954 നെല്ലിടപ്പാറ തേക്ക് പ്ലാന്റേഷനിൽ 1769-ാം നമ്പരായി മാർക്ക് ചെയ്ത തേക്ക് മരം പരാമർശം (1)-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായും ടി ഉത്തരവിൽ പരാമർശിച്ചിട്ടുള്ള വിലയും നികുതികളും ഈടാക്കിക്കൊണ്ടും കൊല്ലം എഴുകോൺ കടലായ് മഠം ക്ഷേത്രത്തിന്റെ കൊടിമര നിർമ്മാണത്തിനായി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
**GIRIJA KUMARI G**
**DEPUTY SECRETARY**

To:-

സെക്രട്ടറി, ക്ഷേത്ര ഭരണസമിതി, കടലായ് മഠം ദേവി ക്ഷേത്രം, മാറനാട്.പി.ഒ, എഴുകോൺ വഴി, കൊല്ലം ജില്ല

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് &റിസോഴ്സസ്), തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം
[signature]
സെക്ഷൻ ഓഫീസർ